കേരള സർക്കാർ

# <u>ഗവണ്മെന്റ് ലോ കോളെജ്, കോഴിക്കോട്</u>


വിലാസം: ഗവണ്മെന്റ് ലോ കോളെജ്,
പി.ഒ. വെള്ളിമാട്കുന്ന്, കോഴിക്കോട്,
കേരളം, പിൻ. 673012
ഫോൺ: 04952730680
ഫാക്സ്: 04952731069
ഇ-മെയ്ൽ: calicutlawcollege@gmail.com


# പൗരാവകാശ രേഖ

## അവതാരിക

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഗവണ്മെന്റ് ലോ കോളെജിനെ സംബന്ധിച്ച വിവരങ്ങളും സേവനങ്ങളും പൊതുജന സമക്ഷത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി ഈ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നു.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെയും സേവനങ്ങളെയും കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മതിയായ ധാരണയുണ്ടാക്കുവാൻ കഴിയുമെന്ന വിശ്വാസത്തിലാണ് ഈ രേഖ പ്രസിദ്ധീകരിക്കുന്നത്. സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ച് ആവശ്യമായ ഭേദഗതികളോടെ വർഷം തോറും ഈ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതും പൊതുജനങ്ങൾക്ക് പരിശോധനക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി ലഭ്യമാക്കുന്നതുമായിരിക്കും.

തിയ്യതി: 27-09-2011 പ്രിൻസിപ്പാൾ

## ഉള്ളടക്കം


1. പൊതുവിവരം
2. അധ്യാപക വിഭാഗം
3. അനധ്യാപക വിഭാഗം
4. കോഴ്സുകളും പ്രവേശനവും
5. ഫീസാനുകൂല്യങ്ങൾ
6. യാത്രാനുകൂല്യങ്ങൾ
7. വിദ്യാർത്ഥി വേതനം
8. പരീക്ഷകൾ
9. ഗ്രന്ഥാലയം
10. ഹോസ്റ്റൽ സൌകര്യം
11. കമ്പ്യൂട്ടർ & ഇന്റർനെറ്റ് റൂം
12. അഖിലേന്ത്യാ മൂട്ട് കോർട്ട് മത്സരം
13. അധ്യാപക രക്ഷാ കർത്ത് സമിതി
14. വിദ്യാർഥി സമാജം
15. എൻ. എസ്. എസ്
16. നിയമ സഹായ ക്ലിനിക്
17. വനിതാ സങ്കട പരിഹാര സമിതി
18. വിദ്യാർത്ഥി സങ്കട പരിഹാര സമിതി
19. അച്ചടക്ക സമിതി
20. റാഗിങ് വിരുദ്ധ സ്ക്വാഡ്
21. റാഗിങ് വിരുദ്ധ സമിതി
22. വിവരാവകാശം


## 1. പൊതുവിവരം

സർക്കാർ മേഖലയിൽ കേരളത്തിൽ തിരുവനന്തപുരം, എർണാകുളം, ത്രശ്ശൂർ കോഴിക്കോട് എന്നിവിടങ്ങളിലായി ആകെ നാല് ലോ കോളെജുകളാണുള്ളത്. ഇതിൽ മൂന്നാമത്തേതായി 1970 മുതലാണ് കോഴിക്കോട് സർവ്വകലാശാലക്ക് കീഴിൽ വരുന്ന കോഴിക്കോട് ലോ കോളെജ് പ്രവർത്തനമാരംഭിച്ചത്. മെച്ചപ്പെട്ട നിയമ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ, മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ സ്ഥാപനമായ ഈ കോളെജ് കോഴിക്കോട് നഗരത്തിൽ നിന്നും ഏകദേശം എട്ട് കിലോ മീറ്റർ മാറി കോഴിക്കോട്-വയനാട് ദേശീയ പാതയിൽ, വെള്ളിമാട്കുന്നിൽ സ്വന്തം കെട്ടിടങ്ങളിലാണ് ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഈ കോളെജിൽ പ്രതിവർഷം യഥാക്രമം 100,

80, 15 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്ന ത്രിവത്സര എൽ.എൽ.ബി, പഞ്ചവത്സര എൽ.എൽ.ബി, എൽ.എൽ.എം കോഴ്സുകൾ നടത്തി വരുന്നു. നിലവിലുള്ള പഞ്ചവത്സര എൽ.എൽ.ബി ക്ക് പകരം 2011-12 അദ്ധ്യയന വർഷം മുതൽ അഞ്ച് വർഷം തന്നെ ദൈർഘ്യമുള്ള പുതിയ ബി.ബി.എ;എൽ.എൽ.ബി കോഴ്സ് ആരംഭിക്കുന്നതിന് സർവ്വകലാശാലാ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ വർഷം തന്നെ പുതിയ കോഴ്സ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണയിലാണ്.

## 2. അദ്ധ്യാപക വിഭാഗം

പ്രിൻസിപ്പാൾ കൂടാതെ 16 നിയമ അദ്ധ്യാപകരുടെയും, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം എന്നീ വിഷയങ്ങളിൽ ഓരോ അദ്ധ്യാപകരുടെയും തസ്തികകൾ നിലവിലുണ്ട്. സ്ഥാപനത്തിന്റെ ഭരണം നിർവ്വഹിക്കുന്നതോടൊപ്പം, പ്രിൻസിപ്പാൾ ആഴ്ചയിൽ അഞ്ച് മണിക്കൂറും മറ്റുള്ളവർ യു.ജി.സി വ്യവസ്ഥകൾ അനുസരിച്ച് ആഴ്ചയിൽ പതിനാറ് മണിക്കൂറും അദ്ധ്യാപനം നടത്തുന്നു. ഇതോടൊപ്പം തന്നെ നിയമ വിദ്യാഭ്യാസത്തിന്റെ മാത്രം പരിശീലന സമ്പ്രദായങ്ങളായ പാഠ്യ പദ്ധതികളും നിശ്ചിത സമയത്തിനുള്ളിൽ നിർവ്വഹിക്കപ്പെടുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള നിയമ അദ്ധ്യാപകരുടെയും കോളെജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നിയമേതര അദ്ധ്യാപകരുടെയും നിയമനം നടത്തുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. നിയമ അദ്ധ്യാപകരായി നിയമനം ലഭിക്കുന്നതിന് ബിരുദാനന്തര ബിരുദ പരീക്ഷയിൽ 55% ന് മേൽ മാർക്ക്, യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതാ പരീക്ഷ എന്നിവക്ക് പുറമെ മൂന്ന് വർഷത്തിന് മേൽ അഭിഭാഷകനായി പ്രായോഗിക പരിജ്ഞാനവും ആവശ്യമാണ്.

മേൽ അദ്ധ്യാപകരെ കൂടാതെ, ഇംഗ്ലീഷ്, സമൂഹ ശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അതിഥി അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

## 3. അനദ്ധ്യാപക വിഭാഗം

അനദ്ധ്യാപക വിഭാഗം കോളെജ് വിദ്യാഭ്യാസ ഡയരക്ടറുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള തസ്തികകൾ താഴെ കൊടുത്ത പ്രകാരമാണ്.

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | -1 | അറ്റന്റർ | -2 |
| ലൈബ്രേറിയൻ (ഗ്രേഡ് 1) | -1 | പ്യൂൺ | -5 |
| ഹെഡ് അക്കൌണ്ടന്റ് | -1 | സാനിറ്റേഷൻ വർക്കർ | -1 |
| ക്ലർക്ക് | -4 | നൈറ്റ് വാച്ച്മാൻ | -1 |
| ലൈബ്രേറിയൻ (ഗ്രേഡ് 3) | -1 | പാർട്ട്-ടൈം സ്വീപ്പർ | -2 |
| റൈപ്പിസ്റ്റ് | -1 | | |

ആകെ ഇരുപത് തസ്തികകളുള്ള അനദ്ധ്യാപക വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റാണ്.

## 4. കോഴ്സുകളും പ്രവേശനവും

പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ അനുവർത്തിക്കുന്ന സവരണ തത്വങ്ങൾ പാലിച്ചു കൊണ്ട്, കേരളത്തിലെ നാല് ലോ കോളെജുകളിലേക്കും പൊതുവായി, സംസ്ഥാന പ്രവേശനപ്പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശനപ്പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ത്രിവത്സര എൽ.എൽ.ബി, പഞ്ചവത്സര എൽ.എൽ.ബി,

എൽ.എൽ.എം എന്നീ മൂന്ന് കോഴ്സുകളിലേക്കും പ്രവേശനം നടത്തുന്നത്. ഈ കോളെജിൽ ത്രിവത്സര എൽ.എൽ.ബി ക്ക് 100 ഉം പഞ്ചവത്സര എൽ.എൽ.ബി ക്ക് 80 ഉം എൽ.എൽ.എം കോഴ്സിന് 15 ഉം സീറ്റുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

ഓരോ വർഷത്തെയും പ്രവേശനത്തിനുള്ള പ്രോസ്പക്ടസ്, പ്രവേശനപ്പരീക്ഷാ തിയ്യതി, റാങ്ക്ഡ് ലിസ്റ്റ്, അലോട്മെന്റ് ലിസ്റ്റ് തുടങ്ങിയവയെല്ലാം സംസ്ഥാന പ്രവീശനപ്പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ് സൈറ്റായ www.cee-kerala.org എന്ന വെബ് സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കാറുണ്ട്. പ്രവേശനപ്പരീക്ഷക്കുള്ള അപേക്ഷകൾ പ്രസ്തുത സൈറ്റിൽ ഓൺ ലൈനായാണ് സമർപ്പിക്കേണ്ടത്.

ആകെ സീറ്റുകളുടെ 3% വികലാംഗർക്കും ഓരോ സീറ്റ് വീതം കൂടുതലായി കായിക പ്രതിഭ, അന്ധർ, വിമുക്ത ഭടന്റെ മക്കൾ എന്നിവർക്കും സംവരണം ചെയ്തിരിക്കുന്നു.

ആറ് സെമസ്റ്ററുകളിലായി ത്രിവത്സര എൽ.എൽ.ബി യും പത്ത് സെമസ്റ്ററുകളിലായി പഞ്ചവത്സര എൽ.എൽ.ബി യും രണ്ട് വർഷ കോഴ്സായി എൽ.എൽ.എം- ഉം നടത്തപ്പെടുന്നു.

ഒന്നാം സെമസ്റ്റർ ഒഴികെ മറ്റ് സെമസ്റ്ററുകളിലേക്ക്, ഒഴിവുകൾ വിജ്ഞാപനം ചെയ്യപ്പെടുന്ന മുറക്ക് സർവ്വകലാശാലയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഈ കോളെജിൽ നിന്ന് ത്രശ്ശൂർ ലോ കോളെജിലേക്കും തിരിച്ചും കോളെജ് മാറ്റം നേടാൻ സാധിക്കുന്നതാണ്. എന്നാൽ, കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ വരാത്ത തിരുവനന്തപുരം, എർണാകുളം ലോ കോളെജുകളിലേക്കും അവിടെ നിന്ന് തിരിച്ച് ഈ കോളെജിലേക്കും കോളെജ് മാറ്റം സാദ്ധ്യമല്ല.

## 5. ഫീസാനുകൂല്യങ്ങൾ

പട്ടിക ജാതി, പട്ടിക വർഗ്ഗ, മറ്റർഹ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്കും, പ്രതിവർഷം 42000 രൂപയിൽ താഴെ വരുമാനമുള്ള സാമുദായികവും വിദ്യാഭ്യാസപരവുമായി പിന്നോക്കാവസ്ഥയിലുള്ളവർ, മുന്നോക്ക വിഭാഗത്തിലെ സാമ്പത്തിക പരാധീനതയുള്ളവർ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും "ഇ-ഗ്രാന്റ്സ്" മുഖേന നിയമാനുസ്രത്മായഎല്ലാ ഫീസാനുകൂല്യങ്ങളും കൂടാതെ ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി, സ്റ്റൈപ്പന്റ്/ ഹോസ്റ്റൽ ചെലവുകൾ മുതലായവ ഓരോ വിഭാഗത്തിനും അനുവദിക്കപ്പെട്ട നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ട്. ഇതിന് വേണ്ടി, ആവശ്യമായ എല്ലാ രേഖകളുമായി ഏതെങ്കിലും അക്ഷയ സെന്ററിനെ സമീപിക്കേണ്ടതും അവിടെ നിന്നും അപേക്ഷയും അനുബന്ധ രേഖകളും അപ്-ലോഡ് ചെയ്ത ശേഷം സൌജന്യമായി ലഭിക്കുന്ന പ്രിന്റ്-ഔട്ടും, മറ്റ് രേഖകളും പ്രവേശനം നേടി ഒരാഴ്ചക്കകം കോളെജിൽ ഹജറാക്കേണ്ടതുമാണ്. വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൌണ്ടിലൂടെയാണ് ലഭിക്കുന്നത്. ഓരോ മാസവും ത്ര്പ്തികരമായ ഹാജർ നില കൈവരിക്കാത്ത വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചെലവ് മുതലായവക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

## 6. യാത്രാനുകൂല്യങ്ങൾ

എല്ലാ വിദ്യാർത്ഥികൾക്കും സ്വകാര്യ ബസ്സുകളിലും കെ. എസ്. ആർ. ടി. സി ബസ്സുകളിലും തീവണ്ടികളിലും നിയമാനുസ്രത്മുള്ള സൌജന്യ നിരക്കിൽ യാത്ര ചെയ്യുന്നതിനാവശ്യമായ പാസ്സുകളും സർട്ടിഫിക്കറ്റുകളും നൽകുന്നുണ്ട്.

## 7. വിദ്യാർത്ഥി വേതനം

ഗവണ്മെന്റ് വിജ്ഞാപനപ്രകാരമുള്ള സ്കോളർഷിപ്പുകൾ കോളെജ് വിദ്യാഭ്യാസ ഡയരക്ടർ ഓഫീസിലെ സ്കോളർഷിപ്പ് സ്പെശ്യൽ ഓഫീസർ മുഖേനയും യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് യൂണിവേഴ്സിറ്റിയിൽ നിന്നും അനുമതിയാക്കിയെടുത്ത് അർഹതയുള്ള വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ ക്രത്യമായിപാലിക്കുന്നുണ്ട്.

## 8. പരീക്ഷകൾ

കോഴിക്കോട് സർവ്വകലാശാലയാണ് എല്ലാ കോഴ്സുകളുടെയും പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതും സർട്ടിഫിക്കറ്റുകൾ നൽകുന്നതും. ത്രിവത്സര എൽ.എൽ.ബി ക്ക് 6 സെമസ്റ്ററുകളായും പഞ്ചവത്സര എൽ.എൽ.ബി ക്ക് 10 സെമസ്റ്ററുകളായും എൽ.എൽ.എം ന് വാർഷികാടിസ്ഥാനത്തിലുമാണ് പരീക്ഷകൾ. പഞ്ചവത്സര എൽ.എൽ.ബി യുടെ 1,2,3,4,5,6,7,9,10 സെമസ്റ്ററുകൾക്ക് 250 രൂപ വീതവും എട്ടാം സെമസ്റ്ററിന് 225 രൂപയും ത്രിവത്സര എൽ.എൽ.ബി യുടെ 1,2,3 സെമസ്റ്ററുകൾക്ക് 275 രൂപ വീതവും 4,5,6 സെമസ്റ്ററുകൾക്ക് 250 രൂപ വീതവും ഒന്നാം വർഷ എൽ.എൽ.എം ന് 360 രൂപ, രണ്ടാം വർഷ എൽ.എൽ.എം ന് 435 രൂപ എന്നിങ്ങിനെയുമാണ് ഇപ്പോൾ നിലവിലുള്ള പരീക്ഷാ ഫീസ് നിരക്കുകൾ.

## 9. ഗ്രന്ഥാലയം

വളരെ വിപുലവും ബ്രഹത്തായതുമായ ഒരു ലൈബ്രറിയാണ് ഇവിടെയുള്ളത്. 25000 ത്തിലധികം പുസ്തകങ്ങൾ കൂടാതെ വിവിധ ജേർണലുകളും പത്രങ്ങളും വാരികകളും ലൈബ്രറിയിൽ ലഭ്യമാണ്. പട്ടിക ജാതി വിദ്യാർഥികൾക്ക് പ്രത്യേകമായി, പട്ടിക ജാതി വകുപ്പിന്റെ ബുക്ക് ബാങ്ക് പദ്ധതി പ്രകാരം ഓരോ വർഷവും വാങ്ങുന്ന വിലയേറിയ റഫറൻസ് പുസ്തകങ്ങളും മറ്റും ഉപയോഗപ്പെടുത്താനും സൌകര്യമുണ്ട്. ഒരേ സമയം 100 പേർക്ക് ഇരിക്കാൻ കഴിയുന്ന വിശാലമായ റീഡിങ് റൂമോട് കൂടിയതാണ് ലൈബ്രറി. കോപ്പി റൈറ്റ് നിയമങ്ങൾക്ക് വിധേയമായി, ഫോട്ടോ കോപ്പി സൌകര്യവുമുണ്ട്.

## 10. ഹോസ്റ്റൽ സൌകര്യം

വാർഡന്റെ സ്വതന്ത്ര ചുമതലയിലുള്ള ഓഫീസോട് കൂടി 100 പേർക്ക് വീതം താമസിക്കാവുന്ന ആൺ കുട്ടികളുടെയും പെൺ കുട്ടികളുടെയും ഹോസ്റ്റലുകൾ കോളെജ് കാമ്പസിൽ തന്നെ പ്രവർത്തിക്കുന്നു. വാർഡനെ കൂടാതെ, ഹോസ്റ്റൽ നടത്തിപ്പിനായി ഒരു ഹെഡ് അക്കൌണ്ടന്റ്, ഒരു ക്ലർക്ക്/ടൈപ്പിസ്റ്റ്, രണ്ട് പ്യൂൺ, രണ്ട് സ്വീപ്പർ, രണ്ട് സാനിറ്റേഷൻ വർക്കർ, ആറ് കുക്ക്, ഒരു ബോയ് സർവന്റ്, ഒരു ലേഡി അറ്റന്റന്റ്, രണ്ട് നൈറ്റ് വാച്ച്മാൻ എന്നിങ്ങിനെ 18 തസ്തികകളിലായി ജീവനക്കാരുണ്ട്. കോളെജ് ഓഫീസിന്റെ കാര്യത്തിലെന്ന പോലെ ഈ ജീവനക്കാരെല്ലാം കോളെജ് വിദ്യാഭ്യാസ ഡയരക്ടറുടെ നിയന്ത്രണത്തിലാണ്. രണ്ട് ഹോസ്റ്റലുകളിലും പാചക സൌകര്യവും ഭക്ഷണ ഹാളുകളുമുണ്ട്.

## 11. കമ്പ്യൂട്ടർ & ഇന്റർനെറ്റ് റൂം

വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ വിദ്യാർഥികൾക്ക് പരമാവധി ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ ഇന്റർനെറ്റ് സൌകര്യത്തോട് കൂടിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് കൊണ്ട് വിശാലമായ കമ്പ്യൂട്ടർ റൂം തയ്യാറായി

വരുന്നു. (മുൻപ് തന്നെ പരിമിതമായ തോതിൽ ഈ സൌകര്യങ്ങൾ ലഭ്യമായിരുന്നെങ്കിലും, വിപുലമായ രീതിയിൽ കൂടുതൽ കമ്പ്യൂട്ടറുകളും സോഫ്റ്റ്വെയറുകളും സ്ഥാപിച്ച് കൊണ്ട്, സി-ഡിറ്റ് ഏറ്റെടുത്ത് നടത്തി വരുന്ന പ്രവ്ര്ത്തികൾ അവസാന ഘട്ടത്തിലാണ്.) അധ്യാപനത്തിനും സെമിനാറുകൾക്കും മറ്റുമായി ആവശ്യത്തിന് പ്രോജക്ടറുകളും ലഭ്യമാണ്.

## 12. അഖിലേന്ത്യാ മൂട്ട് കോർട്ട് മത്സരം

1995-96 വർഷത്തിൽ കോളെജിന്റെ പ്രിൻസിപ്പാളായിരിക്കെ ആകസ്മികമായി മരണമടഞ്ഞ പ്രൊഫസർ വി. കേശവൻകുട്ടി മാസ്റ്ററുടെ സ്മരണക്കായി വർഷം തോറും നടത്തി വരുന്ന അഖിലേന്ത്യാ മൂട്ട് കോർട്ട് മത്സത്തിൽ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള നിയമ കലാലയങ്ങളിലെ വിദ്യാർഥി സംഘങ്ങൾ പങ്കെടുക്കുന്നു. അധ്യാപകരും വിദ്യാർഥികളുമടങ്ങുന്ന കമ്മറ്റിയാണ് സാമ്പത്തിക സമാഹരണവും മറ്റ് സംഘാടന പ്രവർത്തനങ്ങളും നടത്തുന്നത്. വിജയികൾക്ക് പ്രൊഫസർ വി. കേശവൻ കുട്ടി മെമ്മോറിയൽ റോളിങ് ട്രോഫിയും റണ്ണറപ്പിനും മികച്ച പ്രകടനങ്ങൾക്കും അനേകം ട്രോഫികളും നൽകി വരുന്നു.

## 13. അധ്യാപക രക്ഷാ കർത്ത്യ സമിതി

നന്നായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒരു അദ്ധ്യാപക രക്ഷാ കർത്ത്യ സമിതിയാണ് കോളെജിനുള്ളത്. വർഷം തോറും ഒരു ജനറൽ ബോഡി മീറ്റിങ്ങും ആവശ്യാനുസരണം മറ്റ് മീറ്റിങ്ങുകളും കൂടാറുണ്ട്. പി.ടി.എ പ്രസിഡണ്ട് പ്രിൻസിപ്പാളും, വൈസ് പ്രസിഡണ്ട് രക്ഷാകർത്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാളും സെക്രട്ടറി അധ്യാപക വിഭാഗത്തിൽ നിന്ന് ഒരാളുമാണ്. ജനറൽ ബോഡിയുടെ അംഗീകാരത്തിന് വിധേയമായി, കോളെജിന്റെ അടിയന്തിര ആവശ്യങ്ങൾക്കാണ് പി.ടി.എ ഫണ്ട് ഉപയോഗപ്പെടുത്തുന്നത്.

## 14. വിദ്യാർഥി സമാജം

ഓരോ വർഷവും വിദ്യാർഥികളാൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥി യൂണിയൻ നിലവിൽ വരുന്നതാണ്.

## 15. എൻ. എസ്. എസ്

എൻ.എസ്.എസ് പ്രോഗ്രാം ഓഫീസറുടെ ചുമതല വഹിക്കുന്ന അധ്യാപകന്റെ നേതൃത്വത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു എൻ.എസ്.എസ് യൂണിറ്റാണ് ഇവിടെയുള്ളത്. രക്ത ദാനം, നിയമ ബോധവൽക്കരണ പരിപാടികൾ, സമകാലീന വിഷയങ്ങളെ സംബന്ധിച്ച ചർച്ചകൾ, ശില്പ ശാലകൾ, സമിനാറുകൾ തുടങ്ങി വിദ്യാർഥികളുടെ സാമൂഹ്യ ബോധം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നിരവധി കാര്യ പരിപാടികളാണ് ഇവിടത്തെ എൻ. എസ്.എസ് ന്റെ പ്രവർത്തന മേഖല. എല്ലാ വർഷവും സർവ്വകലാശാലയുടെയും സാമൂഹിക-സാംസ്കാരിക സംഘടനകളുടെയും സഹായ സഹകരണങ്ങളോട് കൂടി 10 ദിവസത്തെ എൻ.എസ്.എസ്. കാംപ് സംഘടിപ്പിക്കാറുണ്ട്. സമൂഹത്തിലെ ദുർബല ജന വിഭാഗങ്ങളുടെയും അധസ്ഥിത വർഗ്ഗത്തിന്റെയും സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് എൻ.എസ്.എസ് കാമ്പിലെ വിദ്യാർഥികൾ മുഖ്യമായും ചെയ്യുന്നത്. കൂടാതെ പ്രസ്തുത വിഭാഗങ്ങൾക്ക് നിയമ അവബോധം ഉണ്ടാക്കാനും എൻ.എസ്.എസ്. കാംപ് ശ്രമിക്കാറുണ്ട്.

## 16. നിയമ സഹായ ക്ലിനിക്

സംസ്ഥാന നിയമ സേവന അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഈ കോളെജിലെ വിദ്യാർഥികൾക്ക് പാരാ-ലീഗൽ ട്രെയ്നിങ്ങ് ലഭ്യമാക്കുന്നതോടൊപ്പം പാവപ്പെട്ടവർക്ക് നിയമ സഹായം നൽകൽ, പൊതുജനങ്ങളുടെ നിയമത്തെ കുറിച്ചുള്ള അജ്ഞത മാറ്റാനുള്ള പ്രവർത്തനങ്ങൾ, അദാലത്തുകൾ, തർക്ക പരിഹാരത്തിനുള്ള മറ്റ് നടപടികൾ മുതലായവ നടത്തി വരുന്നു.

## 17. വനിതാ സങ്കട പരിഹാര സമിതി

വിദ്യാർഥിനികളുടേത് മാത്രമായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി, കോളെജ് യൂണിയനിലെ ഒരു വനിതാ അംഗവും ഒരു അനധ്യാപക ജീവനക്കാരി/ജീവനക്കാരനും ഉൾപ്പെട്ടതാണ് ഈ സെൽ.

## 18. വിദ്യാർത്ഥി സങ്കട പരിഹാര സമിതി

വിദ്യാർഥികളുടെ പൊതു പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവക്ക് പരിഹാരങ്ങൾ തേടുന്നതിനും പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷ പദവിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഈ സെല്ലിൽ അധ്യാപകർ, കോളെജ് യൂണിയൻ ചെയർമാൻ, ജനറൽ സെക്രട്ടറി എന്നിവരെ കൂടാതെ, തെരഞ്ഞെടുത്ത ഒരു വിദ്യാർഥി പ്രതിനിധി കൂടി അംഗങ്ങളാണ്.

## 19. അച്ചടക്ക സമിതി

അഞ്ച് അധ്യാപകർ ഉൾപ്പെടുന്ന ഈ സമിതി അച്ചടക്ക രാഹിത്യം ഉണ്ടാകാതിരിക്കാനും അത് വഴി കോളെജിന്റെ ചിട്ടയായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ളതാണ്.

## 20. റാഗിങ് വിരുദ്ധ സ്ക്വാഡ്

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റാഗിങ്ങ് പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിന് വേണ്ടി രൂപം നൽകപ്പെട്ടിട്ടുള്ള 2009 ലെ യു. ജി. സി ചട്ടങ്ങൾ പ്രകാരം, ഒരു ആന്റി റാഗിങ് സ്ക്വാർഡും ഒരു ആന്റി റാഗിങ് കമ്മിറ്റിയും കോളെജിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. കാംപസിനകത്ത് തന്നെയുള്ള അധ്യാപക-അനധ്യാപക-വിദ്യാർഥി സമൂഹത്തിൽ നിന്നും പ്രിൻസിപ്പാൾ നാമ നിർദ്ദേശം ചെയ്യുന്ന അംഗങ്ങളാണ് ആന്റി റാഗിങ് സ്ക്വാർഡിലുള്ളത്. എല്ലായ്പോഴും ജാഗരൂകരായിക്കൊണ്ട്, വിദ്യാർഥികൾക്കിടയിലെ റാഗിങ് പ്രവണതകൾ നിരീക്ഷിക്കുകയും ഹോസ്റ്റലുകളടക്കമുള്ള റാഗിങ് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ റോന്ത് ചുറ്റുകയും വേണ്ടി വന്നാൽ മിന്നൽ സന്ദർശനം നടത്തുകയും ചെയ്യുക, റാഗിങ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടനടി അന്വേഷണം നടത്തി ആന്റി റാഗിങ് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയവയാണ് ആന്റി റാഗിങ് സ്ക്വാർഡിന്റെ ചുമതലകൾ.

## 21. റാഗിങ് വിരുദ്ധ സമിതി

പ്രിൻസിപ്പാൾ തന്നെ അദ്ധ്യക്ഷനായിക്കൊണ്ട്, സിവിൽ-പോലിസ് ഭരണ തലങ്ങളിലുള്ളവർ, പ്രാദേശിക മാധ്യമപ്രവർത്തകർ, യുവാക്കളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാരിതര സംഘടനകളിലുള്ളവർ, അധ്യാപകർ, രക്ഷാകർത്താക്കൾ, വിദ്യാർഥി പ്രതിനിധികൾ, അനധ്യാപക ജീവനക്കാർ തുടങ്ങിയവരിൽ നിന്നും പ്രിൻസിപ്പാൾ നോമിനേറ്റ് ചെയ്യുന്നവരാണ് ആന്റി റാഗിങ് കമ്മിറ്റിയിലെ അംഗങ്ങൾ. ആന്റി റാഗിങ് സ്ക്വാർഡിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും അവരുടെ

പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും റാഗിങ് സംബന്ധിച്ച പരാതികളിൽ തീരുമാനമെടുക്കുകയുമാണ് ഈ സമിതിയുടെ ചുമതലകൾ.

## 22. വിവരാവകാശം

വിവരാവകാശ നിയമം- 2005:

**അപ്പീൽ അധികാരി:**

പ്രിൻസിപ്പാൾ,
ഗവണ്മെന്റ് ലോ കോളെജ്, കോഴിക്കോട്
ഫോൺ നമ്പർ: 0495 2730680
മൊബൈൽ ഫോൺ: 9447744527

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ:**

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ഗവണ്മെന്റ് ലോ കോളെജ് കോഴിക്കോട്,
ഫോൺ നമ്പർ: 0495 2730680

കോഴിക്കോട്-12
27-09-2011

(ഒപ്പ്)
പ്രിൻസിപ്പാൾ,
ഗവണ്മെന്റ് ലോ കോളെജ്, കോഴിക്കോട്